**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2113** **11-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ താൽക്കാലിക ജീവനക്കാരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ആശുപത്രികളിലെ ഓരോ വിഭാഗത്തിലെയും താൽക്കാലിക ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം എത്രയെന്ന് അറിയിക്കാമോ; സർക്കാർ നിശ്ചയിച്ച വേതനംതന്നെ ഇവർക്ക് ലഭ്യമാവുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (എ) | ആശുപത്രികളിലെ sanctioned തസ്തിക കളിലേക്ക് നിയമിക്കുന്ന ജീവനക്കാർക്ക് സ.ഉ.(പി) നം.29/2021/ ധന തീയതി 11.02.2021 ലെ നിരക്ക് പ്രകാരം വേതനം നൽകിവരുന്നു. ആരോഗ്യ കേരളം (NHM) വഴി നിയമിക്കുന്ന കരാർ/ദിവസ വേതന ജീവനക്കാർക്ക് കേന്ദ്രസർക്കാർ പ്രസ്തുത പദ്ധതിയിൽ വർഷം തോറും അനുവദിക്കുന്ന പ്രകാരമാണ് വേതനം നൽകി വരുന്നത്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പ്രവർത്തിക്കുന്ന ആശുപത്രി വികസന സൊസൈറ്റി, ജനറൽ/സ്പെഷ്യാലിറ്റി ആശുപത്രികളിൽ പ്രവർത്തിക്കുന്ന ആശുപത്രി വികസന കമ്മിറ്റികൾ, ജില്ലാ/താലൂക്ക്/ സാമൂഹ്യരോഗ്യ/ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവയ്ക്കുകീഴിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് ബന്ധപ്പെട്ട കമ്മിറ്റി/ സൊസൈറ്റി നിശ്ചയിക്കുന്ന വേതനമാണ് നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ